"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കോട്ടയം നഗരസഭ - നാട്ടകം സോണൽ ഓഫീസ് - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത ട്രാപ് കേസ് നമ്പർ VC 02/2019/KTM - വിരമിച്ച സീനിയർ സൂപ്രണ്ട് ശ്രീ.കെ.എൽ. സരസ്വതി - കുറ്റവിചാരണ അനുമതി നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.810/2026/LSGD തീയതി,തിരുവനന്തപുരം, 23-03-2026

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ കിഴക്കൻ മേഖല, കോട്ടയം പോലീസ് സൂപ്രണ്ടിന്റെ 09.04.2024 തീയതിയിലെ VC 02/2019/KTM നമ്പർ കത്തും അനുബന്ധ രേഖകളും.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.06.2024 തീയതിയിലെ LSGD/PD /11602 / 2023--VIGB6 നമ്പർ കത്ത്.
3. കോട്ടയം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 27.10.2025 തീയതിയിലെ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

കോട്ടയം നഗരസഭ പരിധിയിലെ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി നൽകുന്നതുമായി ബന്ധപ്പെട്ട് കോട്ടയം നഗരസഭ നാട്ടകം സോണൽ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ. പ്രമോദ്.എം., സീനിയർ സൂപ്രണ്ട് ശ്രീമതി. സരസ്വതി. കെ.എൽ എന്നിവർ 12,000/- രൂപ കൈക്കൂലി ആവശ്യപ്പെട്ടതായുള്ള ആരോപണത്തിൽ ശ്രീ.എബ്രഹാം.സി. പറങ്ങോട്ട് എന്നവരുടെ പരാതിയുടെ അടിസ്ഥാനത്തിൽ 1998 - ലെ അഴിമതി നിരോധന നിയമത്തിലെ 7 -ാംം വകുപ്പും 2018 -ലെ അഴിമതി നിരോധന(ഭേദഗതി) നിയമ പ്രകാരവും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ VC 02/2019/KTM നമ്പർ കേസ് രജിസ്റ്റർ ചെയ്തിരുന്നു. ടി കേസിൽ 25.05.2019 തീയതിയിൽ കൈക്കൂലി വാങ്ങുന്നതിനിടെ സീനിയർ ക്ലാർക്ക് ശ്രീ. പ്രമോദ്.എം-നെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പിടികൂടുകയും അറസ്റ്റ് ചെയ്യുകകയും ചെയ്തിരുന്നു.

2. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ VC 02/2019/KTM-കേസിലെ ലെ അന്വേഷണം പൂർത്തിയാക്കുകയും കേസിലെ ഒന്നും രണ്ടും പ്രതികളായ സീനിയർ ക്ലാർക്ക് ശ്രീ. പ്രമോദ്, സീനിയർ സൂപ്രണ്ട് ശ്രീ.കെ.എൽ. സരസ്വതി എന്നിവരെ കുറ്റവിചാരണ ചെയ്യുന്നതിന് തീരുമാനിക്കുകയും കുറ്റവിചാരണ അനുമതി ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറക്ടർക്ക് കത്ത് നൽകുകയും ചെയ്തിരുന്നു. കേസിലെ ഒന്നാം പ്രതിയായ സീനിയർ ക്ലാർക്ക് ശ്രീ. പ്രമോദിനെ കുറ്റവിചാരണ ചെയ്യുന്നതിനുള്ള അനുമതി പ്രിൻസിപ്പൽ ഡയറക്ടർ നൽകുകയും രണ്ടാം പ്രതിയായ ശ്രീ.കെ.എൽ. സരസ്വതി 31.10.2022 തീയതിയിൽ സേവനത്തിൽനിന്നും വിരമിച്ചതിനാൽ ടിയാരിയ്ക്ക് കുറ്റവിചാരണ അനുമതി നൽകേണ്ടത് സർക്കാരാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ വിജിലൻസ് പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും ചെയ്തിരുന്നു. തുടർന്ന് VC 02/2019/KTM-കേസിലെ രണ്ടാം പ്രതിയായ ശ്രീ.കെ.എൽ.

സരസ്വതിയെ കുറ്റവിചാരണ ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്ന് വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ കിഴക്കൻ മേഖല പോലിസ് സൂപ്രണ്ട് പരാമർശം (1) പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

3. ശ്രീ.കെ.എൽ. സരസ്വതിയെ കുറ്റവിചാരണ അനുമതി നൽകുന്ന വിഷയത്തിൽ പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ (VACB) സമർപ്പിച്ച വസ്തുത റിപ്പോർട്ട് പരിശോധിച്ചതിൽ കേസിലെ പ്രധാന പ്രതി ശ്രീ. എം.ടി. പ്രമോദാണെന്നും നിയമവിരുദ്ധമായ ആനുകൂല്യം ആവശ്യപ്പെട്ടത് ടിയാനാണെന്നും സിഗ്നൽ ലഭിച്ചതിനെ തുടർന്ന് വിജിലൻസ് സംഘം സാക്ഷികളോടൊപ്പം സ്ഥലത്തെത്തി പ്രതിയെ കൈക്കൂലി തുക കൈപ്പറ്റുന്നതിനിടെ നേരിൽ പിടികൂടുകയായിരുന്നുവെന്നും പ്രതിയെ 25/05/2019-ന് അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തതായും ശ്രീ. പ്രമോദ് നൽകിയ മൊഴിയിൽ, താൻ സ്വീകരിച്ച തുക തന്റെ ആവശ്യത്തിനും അന്നത്തെ സൂപ്രണ്ടും ഓഫീസ് ഇൻ ചാർജ്ജുമായിരുന്ന ശ്രീമതി കെ.എൽ. സരസ്വതിക്കുമായി (രണ്ടാം പ്രതി) ആയിരുന്നുവെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും ഈ മൊഴിയുടെ അടിസ്ഥാനത്തിലാണ് ശ്രീമതി കെ.എൽ. സരസ്വതിയെ കേസിൽ സഹപ്രതിയായി (A2) ഉൾപ്പെടുത്തിയിട്ടുള്ളതെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. എന്നാൽ രണ്ടാം പ്രതിയായ ശ്രീമതി.സരസ്വതി നേരിട്ട് ഈ നിയമവിരുദ്ധ പ്രവൃത്തിയിൽ പങ്കാളിയായിരുന്നുവെന്ന് തെളിയിക്കുന്ന പരസ്പരം ബന്ധിപ്പിക്കുന്ന യാതൊരു വസ്തുതാപരമായ തെളിവുകളും രേഖകളും ലഭ്യമല്ലെന്നും പ്രധാന പ്രതിയുടെ മൊഴിയുടെ അടിസ്ഥാനത്തിലാണ് വിജിലൻസ് അവരെ പ്രതിയായി ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇന്ത്യൻ എവിഡൻസ് ആക്ട് വകുപ്പ് 25 പ്രകാരം, ഒരു പ്രതി പോലീസിന് നൽകിയ മൊഴി തെളിവായി സ്വീകരിക്കാനാവില്ലെന്നും വകുപ്പ് 27-ൽ പരാമർശിച്ചിരിക്കുന്ന സാഹചര്യ തെളിവുകളുടെയും മറ്റ് വസ്തുതാപരമായ തെളിവുകളുടെയും അടിസ്ഥാനത്തിൽ മാത്രമേ അത് തെളിയിക്കാനാവൂ എന്നും ക്രിമിനൽ പ്രോസീജർ കോഡ് (CrPC) വകുപ്പ് 164 പ്രകാരം രേഖപ്പെടുത്തിയ മൊഴി മാത്രമാണ് തെളിവായി സ്വീകരിക്കാവൂ എന്നും എന്നാൽ ഈ കേസിൽ അത്തരത്തിലുള്ള യാതൊരു മൊഴിയും നൽകിയതായി കാണുന്നില്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന ബഹു. സുപ്രീംകോടതി വിധിന്യായങ്ങളും പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

5. *In Kashmira Singh v. State of Madhya Pradesh, reported in AIR 1952 SC 159, the Apex Court held that, the proper way to approach a case of this kind is, first, to marshal the evidence against the accused excluding the confession altogether from consideration and see whether, if it is believed, a conviction could safely be based on it. If it is capable of belief independently of the confession, then it is not necessary to call the confession in aid. But cases may arise where the judge is not prepared to act on the other evidence as it stands even though, if believed, it would be sufficient to sustain a conviction. In such an event the judge may call in aid the confession and use it to lend assurance to the other evidence and thus fortify himself in believing what without the aid of the confession he would not be prepared to accept.*

*In Surinder Kumar Khanna vs. Intelligence Officer, reported in 2018*

*(8) SCC 271, the Supreme Court of India has held that the conviction on the basis of confession of the co-accused is not permissible. In the absence of any substantive evidence it would be inappropriate to base the conviction of the appellant purely on the statements of co-accused.*

*In State vs. Nalini, reported in (1999) 5 SCC 253, the apex court reiterated the same view.*

6. VC 02/2019/KTM നമ്പർ കേസിന്റെ വസ്തുതാ റിപ്പോർട്ട് പരിശോധിച്ചതിൽ ഫയൽ നടപടികൾ കൈകാര്യം ചെയ്യുന്നതിൽ രണ്ടാം പ്രതിയായ ശ്രീമതി സരസ്വതി വൈകിപ്പിച്ചതിനാൽ ഒന്നാം പ്രതി പരാതിക്കാരനിൽ നിന്ന് കൈക്കൂലി ആവശ്യപ്പെട്ടുവെന്നതാണ് ശ്രീമതി സരസ്വതിക്കെതിരായ ആരോപണമെന്നും എന്നാൽ പിഴവുകൾ തിരുത്തുന്നതിനായി ഫയൽ തന്റെ കൈവശം ഉണ്ടായിരുന്നുവെന്നാണ് ഒന്നാം പ്രതിയുടെ മൊഴിയിൽ വ്യക്തമാകുന്നതെന്നും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഒന്നാം പ്രതിയുടെയും നാലാം പ്രതിയുടെയും (A1, A4) ശബ്ദസാമ്പിളുകൾ മാത്രമാണ് പരിശോധനക്കായി ചിത്രാഞ്ജലി സ്റ്റുഡിയോയിലേക്കും ഫോറൻസിക് സയൻസ് ലാബിലേക്കും താരതമ്യം ചെയ്യുന്നതിനായി അയച്ചിട്ടുള്ളതെന്നും രണ്ടാം പ്രതിയായ ശ്രീമതി സരസ്വതിയിൽ നിന്ന് യാതൊരു ശബ്ദസാമ്പിളും എടുത്തിട്ടില്ലെന്നും അവരെ ചോദ്യം ചെയ്തതായോ അറസ്റ്റ് ചെയ്തതായോ രേഖകളിൽ കാണുന്നില്ലെന്നും ഒന്നാം പ്രതിയുടെ മൊഴിയിൽ കാണുന്ന "ഒരു മണിയ്ക്ക് സൂപ്രണ്ട് പോകും" എന്ന ഒരു വാചകമാണ് രണ്ടാം പ്രതിയുമായി ബന്ധം സ്ഥാപിക്കാൻ ശ്രമിക്കുന്ന ഏക ഘടകമെന്നും ഈ ലഘുവായ വാചകം മാത്രം രണ്ടാം പ്രതിയെ കുറ്റക്കാരിയാക്കി പ്രോസിക്യൂഷനിലേക്ക് കൊണ്ടുവരാൻ മതിയായ തെളിവായി കണക്കാക്കാൻ കഴിയില്ലെന്നും അതിനാൽ രണ്ടാം പ്രതി കൈക്കൂലി സ്വീകരിച്ചതായി ഉറപ്പിച്ചു കണ്ടെത്തി പ്രോസിക്യൂഷൻ അനുമതി നൽകാൻ ഇത് മതിയായ തെളിവല്ലെന്നും ആയതിനാൽ കേസുമായി ബന്ധപ്പെട്ട എല്ലാ രേഖകളും വസ്തുതാ റിപ്പോർട്ടും വിശദമായി പരിശോധിച്ചതിൽ VC 2/2019/KTM കേസിൽ മുൻ സൂപ്രണ്ടും ഓഫീസ് ഇൻ ചാർജ്ജുമായിരുന്ന ശ്രീമതി കെ.എൽ. സരസ്വതിയെ കുറ്റവിചാരണ നടത്തുന്നതിനായി അനുമതി നൽകുന്നതിന് വസ്തുതാപരമായും നിയമപരമായും സാധ്യമല്ലെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

7. ടി ട്രാപ് കേസിൽ ശ്രീമതി.സരസ്വതിയ്ക്കെതിരെ നഗരകാര്യ ഡയറക്ടർ 1960-ലെ KCS(CC&A) Rules, ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ചിരുന്നെങ്കിലും ടിയാൾ 31.10.2022 ൽ സേവനത്തിൽനിന്നും വിരമിച്ച സാഹചര്യത്തിൽ സർക്കാർ തലത്തിൽ നടപടി തുടരാൻ പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് അച്ചടക്ക നടപടിയിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പ്രിൻസിപ്പൽ ഡയറക്ടറോട് ആവശ്യപ്പെടുകയും കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (3) പ്രകാരം ഔപചാരിക അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ഔപചാരിക അന്വേഷണ റിപ്പോർട്ടിലും ടിയാളുടെ നേരിട്ടുള്ള ഇടപെടൽ സൂചിപ്പിക്കുന്ന വസ്തുതകൾ ഒന്നുംതന്നെ കണ്ടെത്തിയിട്ടില്ലാത്തതാണ്.

8. സർക്കാർ ഇക്കാര്യം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ടിന്റെയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ VC 02/2019/KTM നമ്പർ കേസിലെ രണ്ടാം കുറ്റാരോപിതയായ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീ.കെ.എൽ. സരസ്വതി ഒന്നാം പ്രതിയെ സഹായിച്ചു എന്ന ആരോപണം നിലനിൽക്കുമ്പോഴും അത് മനഃപൂർവമാണെന്ന് വ്യക്തമാക്കുന്ന തെളിവുകൾ ഒന്നും

തന്നെയില്ലെന്നും പൊതുവായ ജാഗ്രതക്കുറവ് വകുപ്പുതല അന്വേഷണത്തിന് മതിയായ കാരണമാണെങ്കിലും അത് അഴിമതി നിരോധന നിയമപ്രകാരം ഒരാളെ കുറ്റവിചാരണ ചെയ്യുന്നതിന് പര്യാപ്തമായ കാരണമല്ലെന്നും ഔപചാരിക അന്വേഷണ റിപ്പോർട്ടിലും ടിയാരിയുടെ നേരിട്ടുള്ള ഇടപെടൽ സൂചിപ്പിക്കുന്ന ഒന്നും തന്നെ കണ്ടെത്തിയിട്ടില്ലെന്നും കാണുന്നു.

9. മേൽ സാഹചര്യങ്ങളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ കേസ് നമ്പർ VC 02/2019/KTM -ലെ രണ്ടാം കുറ്റാരോപിതയായ കോട്ടയം നഗരസഭ നാട്ടകം സോണൽ ഓഫീസിലെ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീ.കെ.എൽ. സരസ്വതിയെ കുറ്റവിചാരണ ചെയ്യുന്നതിന് അനുമതി നൽകണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

പോലിസ് സൂപ്രണ്ട്, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, കിഴക്കൻ മേഖല, കോട്ടയം - 686002.

ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ശ്രീ.കെ.എൽ. സരസ്വതി, മുൻ സീനിയർ സൂപ്രണ്ട്, കോട്ടയം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം. (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/323/2023-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 23-03-2026 12:34:18

സെക്ഷൻ ഓഫീസർ